LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്. ചേലക്കര മണ്ഡലത്തിലെ തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിനായി തൃശ്ശൂർ ജില്ലയിൽ തിരുവില്വാമല പഞ്ചായത്തിൽ കണിയാർകോട് വില്ലേജിൽ സർവ്വേ നമ്പർ. 688/1, 688/2 -ൽപെട്ട 6 ഏക്കർ 82 ¼ സെന്റ് സ്ഥലം ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് പട്ടികജാതി വികസന വകുപ്പിന് ഉപയോഗാനുമതി നൽകിക്കൊണ്ട് 17-7-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 304/2014/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത ഭൂമി അളന്ന് തിരിച്ച് സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 590 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

സ്വാശ്രയ അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടികജാതി-ഒ.ബി.സി., ഒ.ഇ.സി. വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ

276 (984) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര പട്ടിക ജാതി - ഒ.ബി.സി., ഒ.ഇ.സി. വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ, കോളേജുകൾ, സ്കൂളുകൾ എന്നിവയിൽ പഠിക്കുന്ന പട്ടികജാതി - ഒ.ബി.സി., ഒ.ഇ.സി. വിഭാഗത്തിന് സ്റ്റൈപന്റ്, ലംസം ഗ്രാന്റ്, സ്കോളർഷിപ്പ് എന്നിവ നൽകാൻ എത്ര തുക ആവശ്യമായി വരുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദീകരിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഈ ആവശ്യത്തിനായി എത്ര തുക നീക്കിവച്ചെന്നും ഇതിനകം എത്ര തുക വിതരണം ചെയ്തെന്നും, എന്ത് തുക കുടിശ്ശികയുണ്ടെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതും വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതുമായ വിദ്യാർത്ഥികളുടെ എണ്ണം മാത്രമാണ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. 2013-14 അദ്ധ്യയന വർഷം പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠനം നടത്തിയതും വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചതുമായ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

പട്ടികജാതി	-	15253
ഒ.ഇ.സി.	-	7197
എസ്.ഇ.ബി.സി.	-	3359
ഒ.ബി.സി.	-	1270

പ്രീ-മെട്രിക് തലത്തിൽ അൺ-എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നതും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതുമായ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) സ്വാശ്രയ സ്ഥാപനത്തിൽ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് 2013-14 അദ്ധ്യയനവർഷം ആനുകൂല്യം അനുവദിക്കുന്നതിന് ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

പട്ടികജാതി	-	42,49,56,148 രൂപ
ഒ.ഇ.സി.	-	10,03,40,555 രൂപ
എസ്.ഇ.ബി.സി.	-	1,35,26,009 രൂപ
ഒ.ബി.സി.	-	9,11,190 രൂപ

അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിക്കുന്നതിനായി തുക പ്രത്യേകം വകയിരുത്തിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ ക്ലെയിമുകളും അടക്കം ആകെ ചെലവായിട്ടുള്ള തുകയുടെ വർഷംതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

	2011-12	2012-13	2013-14	2014-15
എസ്സി.	491933093	625075497	783567619	533596859
ഒ.ഇ.സി.	239634569	269278725	231631642	295024325
എസ്.ഇ.ബി.സി.	12413711	33769263	26617198	15045548
ഒ.ബി.സി.	1897825	2274283	911190	3204324

2014-15 അഡ്മിഷൻ ലഭിച്ച കുട്ടികളുടെ അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ 2014 നവംബർ 30 വരെയുള്ള വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. കുറ്റമറ്റ രീതിയിൽ ക്ലെയിം ലഭിച്ച പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യ വിതരണത്തിൽ കുടിശ്ശികയില്ല. ഒ.ബി.സി., ഒ.ഇ.സി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂൾ

277 (985) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂളിന് 2014-15 സാമ്പത്തിക വർഷത്തിൽ എത്ര കംപ്യൂട്ടറുകൾ അനുവദിച്ചിട്ടുണ്ട്, വിശദവിവരം ലഭ്യമാക്കുമോ ;

(ബി) അതിൽ എത്ര എണ്ണം സ്കൂളിന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂളിന് 2014-15 സാമ്പത്തിക വർഷത്തിൽ കമ്പ്യൂട്ടറുകൾ അനുവദിച്ചിട്ടില്ല.

വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി വികസനം

278(986) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈപ്പിൻ മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതികൾ ഏതെല്ലാമാണ് ; ഇതിന് എത്ര തുക അനുവദിച്ചെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly